**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 3470** **20.06.2019 ന് മറുപടിക്ക്**

**പേഴ്സണൽ സ്റ്റാഫിൽ ജോലിചെയ്തിരുന്ന കാലയളവിന് പെൻഷൻ**

| | ചോദ്യം<br><br>ശ്രീ.അനിൽ അക്കര | | ഉത്തരം<br><br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|---|---|
| എ) | സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ, ധനകാര്യ കമ്മിറ്റി ചെയർമാൻ എന്നിവരുടെ പേഴ്സണൽ സ്റ്റാഫിൽ ജോലിചെയ്തശേഷം മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫിൽ നിയമിക്കപ്പെടുന്നവർക്ക് സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ, ധനകാര്യ കമ്മിറ്റി ചെയർമാൻ എന്നിവരുടെ പേഴ്സണൽ സ്റ്റാഫിൽ ജോലിചെയ്തിരുന്ന കാലയളവ് കൂടി കണക്കിലെടുത്ത് പെൻഷൻ അനുവദിക്കുന്നുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണമെന്താണ് എന്നറിയിക്കാമോ; | എ) | മന്ത്രിമാർ, പ്രതിപക്ഷ നേതാവ്, ഗവ: ചീഫ് വിപ്പ് എന്നിവരുടെ പേഴ്സണൽ സ്റ്റാഫ് നിയമനം സംബന്ധിച്ച നിലവിൽ ഉള്ള വിശേഷാൽ ചട്ടം പ്രകാരം മന്ത്രിമാർ, പ്രതിപക്ഷ നേതാവ്, ഗവ: ചീഫ് വിപ്പ് എന്നിവരുടെ പേഴ്സണൽ സ്റ്റാഫിലെ സേവനത്തിന് മാത്രം പേഴ്സണൽ സ്റ്റാഫ് പെൻഷൻ അനുവദിക്കുവാനാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്. സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ, ധനകാര്യ കമ്മിറ്റികളുടെ ചെയർമാൻ എന്നിവരുടെ പേഴ്സണൽ സ്റ്റാഫിൽ ജോലിചെയ്തശേഷം മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫിൽ നിയമിക്കപ്പെടുന്നവർക്ക് പ്രസ്തുത സേവനകാലയളവ് കൂടി കൂട്ടിച്ചേർത്ത് പെൻഷൻ അനുവദിക്കുവാൻ നിലവിൽ വ്യവസ്ഥയില്ല. |
| ബി) | നിലവിലുള്ള ചട്ടത്തിൽ ഭേദഗതി വരുത്തി സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ, ധനകാര്യ കമ്മിറ്റി ചെയർമാൻ എന്നിവരുടെ പേഴ്സണൽ സ്റ്റാഫിൽ ജോലിചെയ്തിരുന്ന കാലയളവ് കൂടി മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫിൽ ജോലിചെയ്തിരുന്ന കാലയളവിന്റെ കൂടെ ചേർത്ത് പെൻഷൻ അനുവദിക്കുന്ന കാര്യം പരിഗണിക്കുമോയെന്ന് വ്യക്തമാക്കാമോ? | ബി) | പരിശോധിച്ച് വരുന്നു. |

**സെക്ഷൻ ഓഫീസർ**